Bcrb/G-ad/Cir 5/2020-21

THE BADAGARA CO-OP. RURAL BANK LTD. No: F-1264

## സർക്കുലർ

വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്കിന്റെ ശാഖകളിൽനിന്ന് ഡി-ക്ലാസ്സ് അംഗത്വം അനുവദിക്കുന്നത് സംബന്ധിച്ച് -

1. ബേങ്കിന്റെ പ്രവർത്തന പരിധിയിൽ സ്ഥിരതാമസമോ സ്വന്തം പേരിൽ വസ്തുവോ വ്യാപാര സ്ഥാപനമോ ഉള്ളതോ സ്ഥിരമായി ജോലി ചെയ്യുന്നതോ ആയ വ്യക്തികൾക്ക് ആയത് തെളിയിക്കുന്ന രേഖകൾസഹിതം അപേക്ഷിച്ചാൽ നിലവിലുള്ള മറ്റ് നിബന്ധനകൾക്ക് വിധേയമായി ഡി-ക്ലാസ്സ് അംഗത്വം അനുവദിക്കാവുന്നതാണ്.

2. അപേക്ഷാഫോറം പൂർണ്ണമായും പൂരിപ്പിച്ചിരിക്കേണ്ടതും ആയതിലെ സാക്ഷ്യപത്രം ബേങ്ക് ഡയറക്ടറോ ജീവനക്കാരനോ പേരെഴുതി ഒപ്പുവെച്ചിരിക്കേണ്ടതുമാണ്. അപേക്ഷയുടെ കൂടെ ആധാർ പകർപ്പും, പേര്, ജനനതിയ്യതി, അഡ്രസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

3. അംഗത്വത്തിനുള്ള അപേക്ഷ അപേക്ഷകർ നേരിട്ട് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ശാഖാമാനേജർ വിശദമായി പരിശോധിക്കേണ്ടതും അവ പൂർണ്ണമാണെന്നും അനുബന്ധരേഖകൾ പര്യാപ്തമാണെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

4. അംഗത്വം അനുവദിക്കുന്നതിന് മുമ്പായി അപേക്ഷകന്റെ പേരും അഡ്രസ്സും, മൊബൈൽ നമ്പർ, ആധാർ നമ്പർ എന്നിവയും ഉപയോഗിച്ച് അപേക്ഷകന് ഏതെങ്കിലും തരത്തിലുള്ള അംഗത്വം ബേങ്കിൽ നിലവിലുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. സാധുവായ എ-ക്ലാസ്സ്, ഡി-ക്ലാസ്സ് അംഗത്വം ഉള്ളവർക്ക് വീണ്ടും ഡി-ക്ലാസ്സ് അംഗത്വം അനുവദിക്കാൻ പാടില്ലാത്തതാണ്, കൂടാതെ അപേക്ഷകന്റെ പേരിൽ ബി-ക്ലാസ്സ് അംഗത്വമോ മറ്റ് കസ്റ്റമർ ഐഡിയോ നിലവിലുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളും, ക്ലോസ്സ് ചെയ്ത എ-ക്ലാസ്സ്, ഡി-ക്ലാസ്സ് അംഗത്വം ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളും അപേക്ഷാഫോറത്തിന്റെ മറുഭാഗത്ത് ശാഖാമാനേജർ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

5. അംഗത്വം അനുവദിക്കുമ്പോൾ എല്ലാവിവരങ്ങളും കമ്പ്യൂട്ടറിൽ വ്യക്തമായും കൃത്യമായും രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ഫോട്ടോ, ഒപ്പ്, ഐഡി പ്രൂഫ്, അഡ്രസ്സ് പ്രൂഫ് എന്നിവ രേഖപ്പെടുത്തി കെ.വൈ.സി അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

6. അംഗത്വം അനുവദിച്ചശേഷം അപേക്ഷകൾ മെമ്പർ നമ്പർ ചേർത്ത് അനുബന്ധരേഖകൾ സഹിതം അടുത്ത പ്രവർത്തിദിവസം തന്നെ ഹെഡ്ഓഫീസിൽ എത്തിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിലെ വിവരങ്ങൾ മെയിൻ ശാഖയിലെ ഡി-ക്ലാസ്സ് ഓഹരി രജിസ്ട്രറിൽ രേഖപ്പെടുത്തുന്നതും തീരുമാനമെടുക്കാൻവേണ്ടി ഭരണസമിതിക്ക് മുമ്പാകെ സമർപ്പിക്കുന്നതുമാണ്.

7. ഡി-ക്ലാസ്സ് അംഗത്തിന് നൽകാനുള്ള ഐഡന്റിറ്റി കാർഡ് പൂർണ്ണമായും പൂരിപ്പിച്ച് ഫോട്ടോ പതിച്ച് അപേക്ഷാഫോറത്തിനോടൊപ്പം ഹെഡ്ഓഫീസിൽ എത്തിക്കേണ്ടതാണ്. സിക്രട്ടറി ഒപ്പുവെച്ചതിന് ശേഷം ഐഡന്റിറ്റി കാർഡ് ശാഖാമാനേജറെ തിരിച്ചേൽപ്പിക്കുന്നതാണ്.

8. അർഹതയില്ലാത്തതോ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതോ ആയ അപേക്ഷകർക്ക് അംഗത്വം അനുവദിക്കുകയാണെങ്കിൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം ശാഖാമാനേജറിൽ നിക്ഷിപ്തമായിക്കുന്നതും ആയത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കപ്പെടുന്നതുമായിരിക്കും

For The Badagara Co-op. Rural Bank
Ltd. No: F.1264

വടകര
15-10-2020

സിക്രട്ടറി

Secretary